**പതിമൂന്നാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5887 — 03/07/2012-ൽ മറുപടിക്ക്

## റേഷൻ സാധനങ്ങളുടെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.വി.രാജേഷ് | **ശ്രീ. അനൂപ് ജേക്കബ്.**<br>ഭക്ഷ്യ സിവിൽ സപ്ലൈസും<br>ഉപഭോക്തൃ സംരക്ഷണവും രജി<br>സ്ട്രേഷനും വകുപ്പു മന്ത്രി |
| റേഷൻകട വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണ നിലവാരം പരിശോധിക്കുന്നതിനും മായം ചേർക്കൽ തടയുന്നതിനും എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്? | ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ മുഖാന്തിരം സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം കേന്ദ്ര സർക്കാരിന്റെ മാർഗ നിർദ്ദേശത്തിനനുസൃതമായി ഉറപ്പു വരുത്താൻ ആവശ്യമായ നടപടി ക്രമം നിലവിലുണ്ട്. ഇതിന്റെ ഭാഗമായി ഫുഡ് കോർപ്പറേഷന്റെ എല്ലാ ജില്ലാതല ഓഫീസുകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ എഫ്.സി.ഐ.യിൽ നിന്നും വിതരണം ചെയ്യുന്ന അരിയും.ഗോതമ്പും ഗുണനിലവാരം ഉള്ളതാണെന്ന് ഉറപ്പു വരുത്തുന്നതിനും എഫ്.സി.ഐ.യിൽ സൂക്ഷിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങളിൽ ഗുണനിലവാരമുള്ളതാണെന്ന് ബോദ്ധ്യമുള്ളവ മാത്രം വിതരണത്തിനായി തിരഞ്ഞെടുക്കുവാനും ജില്ലാ സപ്ലൈ ഓഫീസർമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എഫ്.സി.ഐ.യിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ സാമ്പിളുകൾ റേഷൻ മൊത്ത വ്യാപാര ഡിപ്പോകളിൽ പ്രദർശിപ്പിക്കുന്നു. ഇപ്രകാരമുള്ള സാമ്പിൾ അനുസരിച്ചുള്ള ഭക്ഷ്യധാന്യങ്ങൾ തന്നെയാണ് ലഭിക്കുന്നത് എന്ന് റേഷൻ വ്യാപാരികൾക്ക് ഏറ്റെടുക്കുന്ന സമയം ഉറപ്പ് വരുത്തുന്നതിനുള്ള അവസരമുണ്ട്. റേഷൻ ചില്ലറ വ്യാപാരികൾക്ക് മൊത്ത വ്യാപാര ഡിപ്പോയിൽ നിന്നും സ്റ്റോക്കെടുക്കുമ്പോൾ ലഭ്യമാകുന്ന സാമ്പിൾ കാർഡ് ഉടമകൾ കാണത്തക്ക വിധത്തിൽ റേഷൻ കടകളിൽ പ്രദർശിപ്പിച്ചു വരുന്നു. റേഷൻ കടകളിൽ സൂക്ഷിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്കുകൾ റേഷനിംഗ് ഇൻസ്പെക്ടർമാർ മുതലുള്ള പരിശോധന |

ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പാക്കി വരുന്നു.

സപ്ലൈകോ നേരിട്ട് നെൽകർഷകരിൽ നിന്നും സംഭരിച്ച് കരാർ മില്ലുകളിൽ അരിയാക്കി വിതരണത്തിനായി തയ്യാറാക്കുന്ന അരിയുടെ (സിഎംആർ) ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ഒരു ജോയിന്റ് ഇൻസ്പെക്ഷൻ ടീം സപ്ലൈകോയുടെ നേതൃത്വത്തിൽ നിലവിലുണ്ട്. കൃഷിവകുപ്പ്, സപ്ലൈകോ, സിവിൽ സപ്ലൈസ് വകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥർ അടങ്ങുന്ന ഈ ടീമിന്റെ ശാസ്ത്രീയമായ പരിശോധനക്ക് ശേഷം മാത്രമേ ഗുണനിലവാരമുള്ള കുത്തരി (സിഎംആർ) മൊത്ത വ്യാപാരികൾ മുഖേന റേഷൻ കടകൾ വഴി കാർഡുടമകൾക്ക് വിതരണം ചെയ്യുന്നതിനായി റിലീസ് ചെയ്യുകയുള്ളൂ.

സെക്ഷൻ ഓഫീസർ